**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 80** **11-02-2025 - ൽ മറുപടിയ്ക്ക്**

**നദികളിലെ വെള്ളം വൈപ്പാർ നദീതടത്തിലേക്ക് തിരിച്ചു വിടുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ ഉത്ഭവിച്ച് പൂർണ്ണമായും സംസ്ഥാനത്തിലൂടെ ഒഴുകുന്ന പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ വെള്ളം തമിഴ് നാട്ടിലെ കൃഷിക്കും ജലസേചനത്തിനുമായി വൈപ്പാർ നദീതടത്തിലേക്ക് തിരിച്ചു വിടുന്ന പദ്ധതിക്ക് നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>09.07.2024–ൽ നടന്ന ദേശീയ ജല വികസന ഏജൻസി (NWDA) യുടെ എഴുപത്തിമൂന്നാമത് ഗവേർണിംഗ് ബോഡിയുടെ അജണ്ടയിലെ 73.9 annexure ആയ Status of Interbasin water transfer link schemes under Peninsular component - ലെ പതിനാലാമത്തെ ഇനമായി നൽകിയിട്ടുള്ള പമ്പ അച്ചൻകോവിൽ വൈപ്പാർ ലിങ്കിന്റെ status-ൽ NWDA 1995 ൽ തയ്യാറാക്കിയ ഫീസിബിലിറ്റി റിപ്പോർട്ടിന്റെ പരിഷ്കരണം (Modification) പുരോഗമിച്ചു വരികയാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നപക്ഷം വെള്ളത്തിലാകുന്ന വനഭൂമിയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ബി) | ജലവിഭവ വകുപ്പ് ഇത് സംബന്ധിച്ചു പഠനം നടത്തിയിട്ടില്ല. എന്നാൽ ദേശീയ ജല വികസന ഏജൻസിയുടെ 1995 ലെ ഫീസിബിലിറ്റി റിപ്പോർട്ടിൽ ഇതേക്കുറിച്ചു പരാമർശം ഉണ്ട്. ഇത് പ്രകാരം വനവും പ്ലാന്റേഷനുമുൾപ്പെടെ 1987.672 ഹെക്ടർ വനഭൂമി ജലത്തിനടിയിൽ ആകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| (സി) | പദ്ധതി നടപ്പാക്കുന്ന പക്ഷം വേമ്പനാട്ടുകായലിൽ ഓരുവെള്ളത്തിന്റെ കടന്നുകയറ്റം രൂക്ഷമാകാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; | (സി) | വേമ്പനാട് കായലിൽ പതിക്കുന്ന 5 നദികളെക്കുറിച്ച് (പമ്പ, അച്ചൻ കോവിൽ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ) സമഗ്രമായി പഠിച്ച് അധിക ജലം ഉണ്ടോ എന്ന് വിലയിരുത്തുവാനായി കേരളം ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM), കോഴിക്കോടിനെ ചുമതലപ്പെടുത്തിയിരുന്നു. 1999 ൽ ജലവിഭവ വികസന വിനിയോഗ കേന്ദ്രം (CWRDM) കേരള ഗവൺമെന്റിന് സമർപ്പിച്ച അന്തിമ റിപ്പോർട്ട് പ്രകാരം കുട്ടനാട് ബെൽറ്റിലെ salinity നിശ്ചിത അളവിൽ നിയന്ത്രിച്ച് നിർത്താനായി Natural |

| | | | |
|---|---|---|---|
| | | | flushing ആണ് ഏക മാർഗം. ഇതിനായി പ്രതിമാസം 138.14 $Mm^3$ ജലം ആവശ്യമായി വരുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്തെ ഗുരുതരമായി ബാധിക്കുന്ന ഈ പദ്ധതി നടപ്പാക്കുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | NWDA - യുടെ വിവിധ യോഗങ്ങളിൽ പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ (മന്ത്രിമാർ ഉൾപ്പെടെ) കേരളത്തിന്റെ ശക്തമായ എതിർപ്പ് അറിയിച്ചിട്ടുണ്ട്. കേരളത്തിന്റെ എതിർപ്പിനെ തുടർന്ന് കേരളത്തിന്റെ സമ്മതമില്ലാതെ ഈ പദ്ധതിയുമായി മുന്നോട്ട് പോകില്ല എന്ന് 28.02.2024 ലെ കത്ത് മുഖേന NWDA ഉറപ്പ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ